(സി) 1. അജയൻ - ചെമ്പഴന്തി എസ്.എൻ. കോളേജ്

2. മുരുകാനന്ദകുമാർ - വി.ടി.എം. എൻ.എസ്.എസ്. കോളേജ് ധനുവച്ചപുരം.

3. കിം കരുൺ, അനു, സുജിത് എന്നിവർ പമ്പാ ദേവസ്വം ബോർഡ് കോളേജിലായിരുന്നു.

6. ബിംബി - പുതുപ്പള്ളി അപ്ലൈഡ് സയൻസ് കോളേജ്

(ഡി) 1. അജയന്റെ കൊലപാതകത്തോടനുബന്ധിച്ചുള്ള കേസിന്റെ കുറ്റപത്രം തയ്യാറാക്കി വരുന്നു.

2. മുരുകാനന്ദ കുമാറിന്റെ കേസ് അന്വേഷണത്തിലാണ്.

3. കിം കരുൺ, അനു, സുജിത് എന്നിവരുടെ കൊലപാതകത്തോടനുബന്ധിച്ച കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

6. ബിംബി വധക്കേസ് വിചാരണ കോടതി മാറ്റി വച്ചിരിക്കുകയാണ്

(ഇ)&(എഫ്) ഇല്ല.

അനിൽ രാജിന്റെ ദുരൂഹമരണം

59 (1534) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പേരൂർക്കട മഠത്തുവിളാകത്ത് ദേവരാജിന്റെ മകൻ അനിൽ രാജിന്റെ ദുരൂഹമരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) അനിൽരാജിന്റെ മൃതദേഹം പോസ്റ്റുമോർട്ടം നടത്തി അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടു പ്രകാരം മരണ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ആശ്രമ ചികിത്സയിലെ പീഡനം മൂലമാണ് മരണമുണ്ടായതെന്ന് പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ; അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കൊലക്കുറ്റത്തിന് കേസ് എടുത്തിട്ടുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(എഫ്) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ജി) ആശ്രമത്തിൽ വച്ച് നടന്നതായി ആരോപിക്കപ്പെടുന്ന ദുരൂഹതകൾ നിറഞ്ഞ ഈ സംഭവം ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തലയിലേറ്റ മുറിവു കാരണമാണ് മരണം സംഭവിച്ചത് എന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇതുസംബന്ധിച്ച് വെള്ളറട സ്റ്റേഷനിൽ കുറ്റകരമായ നരഹത്യയ്ക്ക് ഇന്ത്യൻ ശിക്ഷാ നിയമം 324, 304(11), 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 167/99 നമ്പരായി രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(ഇ) ആശ്രമ ജീവനക്കാരായ ജയകുമാർ, വിജയകുമാർ എന്നിവരെ പ്രതികളാക്കിയിട്ടുണ്ട്. ഇതിൽ ജയകുമാർ ഒളിവിലും വിജയകുമാർ ചികിത്സയിലും ആയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(എഫ്)&(ജി) ക്രൈം ബ്രാഞ്ച് സി.ഐ.ഡി. അന്വേഷണം നടത്തി വരികയാണ്.

രാഷ്ട്രീയ കൊലപാതകങ്ങൾ

60 (1535) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൊലപാതകങ്ങളുണ്ടായി; ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(ബി) ഒരു ദിവസം തന്നെ ഒന്നിലധികം രാഷ്ട്രീയ കൊലപാതകങ്ങൾ നടന്ന എത്ര സംഭവങ്ങൾ ഈ കാലയളവിലുണ്ടായി;

(സി) ഈ കാലയളവിൽ എത്ര സ്ത്രീകളും കുട്ടികളും വധിക്കപ്പെട്ടു;

(ഡി) ഈ കാലയളവിൽ കൊല്ലപ്പെട്ടവരിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്രയുണ്ട്; ഇവരിൽ സ്ത്രീകളെത്ര?

ഉത്തരം

(എ) 1728 കൊലപാതകങ്ങൾ ഉണ്ടായതിൽ 47 എണ്ണം രാഷ്ട്രീയ കൊലപാതകങ്ങളാണ്.

(ബി) അഞ്ചു സംഭവങ്ങൾ.

(സി) 392 സ്ത്രീകളും 262 കുട്ടികളും വധിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 121 പേർ കൊല്ലപ്പെട്ടു. ഇവരിൽ 43 സ്ത്രീകൾ ഉൾപ്പെടുന്നു.

ബിപിൻ ബോസിന്റെ മരണം

61 (1536) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറുപ്പുന്തറ സ്വദേശി കാഞ്ഞിരത്തുംമൂട്ടിൽ ബിപിൻ ബോസിന്റെ മരണം കൊലപാതകമാണെന്ന് ആരോപിക്കുന്ന പരാതികൾ ലഭിച്ചിരുന്നുവോ; വിശദാംശം നൽകുമോ;

(ബി) ഈ മരണത്തെക്കുറിച്ച് ലോക്കൽ പോലീസിന്റെ അന്വേഷണത്തിലെ നിഗമനങ്ങൾ എന്തൊക്കെയാണ്;

(സി) ബിപിൻ ബോസിന്റെ മരണം സംബന്ധിച്ച് അന്വേഷണം ക്രൈം ബ്രാഞ്ചിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly